## ബ്രസീലിലെ റിയോ ഡി ജനീറോയിൽ നടക്കുന്ന 17-ാമത് BRICS ഉച്ചകോടിയിൽ പ്രധാനമന്ത്രി പങ്കെടുക്കുന്നു (ജൂലൈ 06, 2025)

ജൂലൈ 06, 2025

2025 ജൂലൈ 6-7 തീയതികളിൽ ബ്രസീലിലെ റിയോ ഡി ജനീറോയിൽ നടക്കുന്ന 17-ാം BRICS ഉച്ചകോടിയിൽ പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി ഇന്ന് പങ്കെടുത്തു.  ആഗോള ഭരണ പരിഷ്കരണം, 'ഗ്ലോബൽ സൗത്തി'ന്റെ അഭിപ്രായങ്ങൾക്ക് പ്രാധാന്യം  വർദ്ധിപ്പിക്കൽ, സമാധാനവും സുരക്ഷയും, ബഹുരാഷ്ട്രവാദം ശക്തിപ്പെടുത്തൽ, വികസന പ്രശ്നങ്ങൾ, നിർമ്മിതബുദ്ധി എന്നിവ ഉൾപ്പെടെ BRICS അജണ്ടയിലെ വിവിധ വിഷയങ്ങളിൽ നേതാക്കൾ ഫലപ്രദമായ ചർച്ചകൾ നടത്തി. ഊഷ്മളമായ ആതിഥ്യത്തിനും ഉച്ചകോടി വിജയകരമായി സംഘടിപ്പിച്ചതിനും ബ്രസീൽ പ്രസിഡന്റിന് പ്രധാനമന്ത്രി നന്ദി പറഞ്ഞു.

2. "ആഗോള ഭരണ പരിഷ്കരണവും സമാധാനവും സുരക്ഷയും" എന്ന വിഷയത്തിലുള്ള ഉദ്ഘാടന സമ്മേളനത്തെ പ്രധാനമന്ത്രി അഭിസംബോധന ചെയ്തു".  പിന്നീട്, "ബഹുരാഷ്ട്ര, സാമ്പത്തിക-ധനകാര്യ മേഖലകൾ, നിർമ്മിത ബുദ്ധി ശക്തിപ്പെടുത്തൽ" എന്ന വിഷയത്തിലെ ഒരു സെഷനെയും പ്രധാനമന്ത്രി അഭിസംബോധന ചെയ്തു.  ഈ സെഷനിൽ BRICS പങ്കാളികളും ക്ഷണിക്കപ്പെട്ട രാജ്യങ്ങളും പങ്കെടുത്തു.

3. ആഗോള ഭരണവും സമാധാനവും സുരക്ഷയും എന്ന വിഷയത്തിലുള്ള സെഷനെ അഭിസംബോധന ചെയ്യവേ, ഗ്ലോബൽ സൗത്തിന്റെ ശബ്ദം ഉയർത്തുന്നതിനുള്ള ഇന്ത്യയുടെ പ്രതിബദ്ധത പ്രധാനമന്ത്രി ആവർത്തിച്ചു.  കാലാവസ്ഥാ ധനസഹായത്തിന്റെയും സാങ്കേതികവിദ്യയുടെ ലഭ്യതയുടെയും  കാര്യത്തിൽ, സുസ്ഥിര വികസനത്തിന് വികസ്വര രാജ്യങ്ങൾക്ക് കൂടുതൽ പിന്തുണ ആവശ്യമാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.  20-ാം നൂറ്റാണ്ടിലെ ആഗോള സ്ഥാപനങ്ങൾക്ക് 21-ാം നൂറ്റാണ്ടിലെ വെല്ലുവിളികളെ നേരിടാനുള്ള കഴിവില്ലെന്ന് ഉയർത്തിക്കാട്ടിയ അദ്ദേഹം അവ പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകതയ്ക്ക് അടിവരയിട്ടു. ബഹുധ്രുവത്വവും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ ഒരു ലോകക്രമത്തിന് ആഹ്വാനം ചെയ്ത പ്രധാനമന്ത്രി, സമകാലിക

യാഥാർത്ഥ്യങ്ങളെ പ്രതിഫലിപ്പിക്കുന്നതിന് UN സുരക്ഷാ കൗൺസിൽ, IMF, ലോക ബാങ്ക്, WTO തുടങ്ങിയ ആഗോള ഭരണ സ്ഥാപനങ്ങൾ അടിയന്തര പരിഷ്കരണത്തിന് വിധേയമാകണമെന്ന് പ്രസ്താവിച്ചു.  UN സുരക്ഷാ കൗൺസിൽ പരിഷ്കരണത്തിന്റെ ആവശ്യം എടുത്തുകാണിച്ചതിനും ഉച്ചകോടി പ്രഖ്യാപനത്തിൽ ഈ വിഷയത്തിൽ ശക്തമായി ഇടപെട്ടതിനും   അദ്ദേഹം നേതാക്കൾക്ക് നന്ദി പറഞ്ഞു.

4. സമാധാനവും സുരക്ഷയും എന്ന വിഷയത്തിൽ, ഭീകരവാദം മനുഷ്യരാശി നേരിടുന്ന ഗുരുതരമായ ഭീഷണിയാണെന്ന് പ്രധാനമന്ത്രി അടിവരയിട്ടു.  ഈ സാഹചര്യത്തിൽ, 2025 ഏപ്രിലിൽ നടന്ന പഹൽഗാം ഭീകരാക്രമണം ഇന്ത്യയ്ക്കെതിരായ ഒരു ആക്രമണം മാത്രമല്ല, മുഴുവൻ മനുഷ്യരാശിക്കുമെതിരെയുള്ള ഒരു ആക്രമണമാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.  ഭീകരതയ്ക്കെതിരെ ശക്തമായ ആഗോള നടപടിക്ക് ആഹ്വാനം ചെയ്ത പ്രധാനമന്ത്രി, ഭീകരർക്ക് ധനസഹായം നൽകുകയോ പ്രോത്സാഹിപ്പിക്കുകയോ സുരക്ഷിത താവളങ്ങൾ ഒരുക്കുകയോ ചെയ്യുന്നവരെ ഏറ്റവും കർശനമായി നേരിടണമെന്ന് ചൂണ്ടിക്കാട്ടി.  ഭീകരതയെ നേരിടുന്നതിൽ ഇരട്ടത്താപ്പ് പാടില്ലെന്ന് അദ്ദേഹം ഊന്നിപ്പറഞ്ഞു. പഹൽഗാം ഭീകരാക്രമണത്തെ ശക്തമായി അപലപിച്ചതിന് BRICS നേതാക്കൾക്ക് അദ്ദേഹം നന്ദി പറഞ്ഞു.  ഭീകരവാദത്തിനെതിരായ ആഗോള പോരാട്ടം ശക്തിപ്പെടുത്താൻ BRICS രാജ്യങ്ങളോട് ആഹ്വാനം ചെയ്ത അദ്ദേഹം, ഭീഷണിയെ നേരിടുന്നതിൽ ഒരു വിട്ടുവീഴ്ചയും ഉണ്ടാകരുതെന്ന് പ്രത്യേകം ഓർമ്മിപ്പിച്ചു.

5. ഈ വിഷയത്തിൽ കൂടുതൽ വിശദീകരിച്ചുകൊണ്ട്, പശ്ചിമേഷ്യ മുതൽ യൂറോപ്പ് വരെയുള്ള സംഘർഷങ്ങൾ അതിയായ ആശങ്ക ജനിപ്പിക്കുന്നതാണെന്ന് പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി.  അത്തരം സംഘർഷങ്ങൾ പരിഹരിക്കുന്നതിന് ചർച്ചകൾക്കും നയതന്ത്രത്തിനും ഇന്ത്യ എപ്പോഴും ആഹ്വാനം ചെയ്തിട്ടുണ്ടെന്നും അത്തരം ശ്രമങ്ങളിൽ സംഭാവന നൽകാൻ തയ്യാറാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

6. ബഹുരാഷ്ട്രവാദം, സാമ്പത്തിക-ധനകാര്യ വിഷയങ്ങൾ, നിർമ്മിതബുദ്ധി എന്നിവ ശക്തിപ്പെടുത്തൽ" എന്ന വിഷയത്തെക്കുറിച്ചുള്ള സെഷനെ അഭിസംബോധന ചെയ്തുകൊണ്ട്

പ്രധാനമന്ത്രി വൈവിധ്യവും ബഹുധ്രുവത്വവുമാണ് BRICS-ന്റെ മൂല്യവത്തായ ശക്തികളെന്ന് അഭിപ്രായപ്പെട്ടു. ലോകക്രമം സമ്മർദ്ദത്തിലായിരിക്കുകയും ആഗോള സമൂഹം അനിശ്ചിതത്വവും വെല്ലുവിളികളും നേരിടുകയും ചെയ്ത സമയത്ത്, BRICS-ന്റെ പ്രസക്തി പ്രകടമായിരുന്നുവെന്ന് അദ്ദേഹം പ്രസ്താവിച്ചു. ബഹുധ്രുവ ലോകം രൂപപ്പെടുത്തുന്നതിൽ BRICS-ന് ഒരു പ്രധാന പങ്ക് വഹിക്കാൻ കഴിയുമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. ഇക്കാര്യത്തിൽ, അദ്ദേഹം നാല് നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചു: ഒന്ന്, BRICS ന്യൂ ഡെവലപ്മെന്റ് ബാങ്ക് പദ്ധതികൾ അനുവദിക്കുന്നതിന് ഡിമാൻഡ് അധിഷ്ഠിത തത്വവും ദീർഘകാല സുസ്ഥിരതയും പിന്തുടരണം; രണ്ട്, ഗ്ലോബൽ സൗത്ത് രാജ്യങ്ങൾക്ക് പ്രയോജനപ്പെടുന്ന ഒരു ശാസ്ത്ര ഗവേഷണ റിപ്പോസിറ്ററി സ്ഥാപിക്കുന്നത് ഗ്രൂപ്പ് പരിഗണിക്കണം; മൂന്ന്, നിർണായക ധാതുക്കളുടെ വിതരണ ശൃംഖല സുരക്ഷിതവും സ്ഥിരതയുള്ളതുമാക്കുന്നതിന് ശ്രദ്ധ നൽകണം; നാല്, ഉത്തരവാദിത്തമുള്ള AI-ക്കായി ഗ്രൂപ്പ് പ്രവർത്തിക്കണം - AI ഭരണത്തിന്റെ ആശങ്കകൾ പരിശോധിക്കുന്നതോടൊപ്പം ഈ മേഖലയിലെ നവീകരണം പ്രോത്സാഹിപ്പിക്കുന്നതിനും തുല്യ പ്രാധാന്യം നൽകണം.

7. നേതാക്കളുടെ സമ്മേളനത്തിന്റെ സമാപനത്തിൽ, അംഗരാജ്യങ്ങൾ 'റിയോ ഡി ജനീറോ പ്രഖ്യാപനം' [ലിങ്ക്] അംഗീകരിച്ചു. ആഗോള ഭരണം [Link], സമാധാനവും സുരക്ഷയും [Link], ബഹുരാഷ്ട്രവാദം ശക്തിപ്പെടുത്തൽ, സാമ്പത്തിക-ധനകാര്യ വിഷയങ്ങൾ, നിർമ്മിതബുദ്ധി [Link] എന്നിവയെക്കുറിച്ചുള്ള സെഷനുകളിലെ പ്രധാനമന്ത്രിയുടെ പ്രസംഗം പൂർണ്ണമായി ഇവിടെ കാണാം.

റിയോ ഡി ജനീറോ

ജൂലൈ 06, 2025